**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 43** **24-08-2022 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിന്റെ നവീകരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | കേരള ബാങ്കിനെ സംസ്ഥാനത്തെ ഏറ്റവും വലിയ ബാങ്കായി ഉയർത്തുകയെന്ന ലക്ഷ്യത്തോടെ നടത്തുന്ന വിപുലീകരണ, നവീകരണ പ്രവർത്തനങ്ങൾ ഫലം കണ്ട് തുടങ്ങിയിട്ടുണ്ടോ; പ്രവർത്തന മികവിന് ദേശീയ അംഗീകാരം ലഭിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) | കേരള സംസ്ഥാന സഹകരണ ബാങ്കും 13 ജില്ലാ സഹകരണ ബാങ്കുകളും 29-11-2019-ൽ ലയിച്ച് കേരള ബാങ്ക് രൂപീകൃതമായപ്പോൾ നിക്ഷേപത്തിലും വായ്പയിലും മൂലധനത്തിലും വർദ്ധനവ് ഉണ്ടാകുകയുണ്ടായി. സമൂഹത്തിലെ എല്ലാത്തരം ജനവിഭാഗത്തിന്റെയും നിക്ഷേപ ആവശ്യങ്ങൾ നിറവേറ്റാൻ ഉതകുന്ന രീതിയിലുള്ള വിവിധതരം നിക്ഷേപ പദ്ധതികൾ കേരള ബാങ്കായതിന് ശേഷം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 2019-20ൽ 61037.59 കോടിയായിരുന്ന നിക്ഷേപം 2021-2022 ൽ 69907.12 കോടിയായി വർദ്ധിപ്പിക്കാൻ കേരള ബാങ്കിന് കഴിഞ്ഞിട്ടുണ്ട്. ഈ നിക്ഷേപത്തിൽ 14.10% CASA നിക്ഷേപമാണ്. സോഫ്റ്റ് വെയർ ഏകീകരണത്തോടെ ആകെ നിക്ഷേപത്തിന്റെ 30% CASA നിക്ഷേപമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കേരള ബാങ്ക് വ്യക്തിഗത വായ്പാ വിതരണത്തിനും വൈവിധ്യ വൽക്കരണത്തിനുമായി വിവിധതരം വായ്പാ പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കിയിട്ടുണ്ട്. 2021-2022 വർഷത്തെ കേരള ബാങ്കിന്റെ ആകെ വായ്പാ ബാക്കിനിൽപ്പ് 40950.04 കോടി രൂപയാണ്. ഈ കോവിഡ് കാലത്ത് പ്രവാസികൾക്കും, കർഷകർക്കും, സാധാരണക്കാർക്കും ഒട്ടേറെ വായ്പാ സഹായങ്ങൾ നൽകാൻ കഴിഞ്ഞിട്ടുണ്ട് കൂടാതെ NABARD പുനർവായ്പാ പദ്ധതിയിലൂടെ ദീർഘകാല കാർഷിക വായ്പയും നൽകിയിട്ടുണ്ട്. പുതിയ തൊഴിൽ സംരംഭകർക്കും, വിദഗ്ധ തൊഴിലാളികൾക്കും, ചെറുകിട വ്യാപാരികൾക്കും, കരാർ സേവനദാതാക്കൾക്കും, ടൂറിസം മേഖലയിലെ |

| | | | |
|---|---|---|---|
| | | | സംരംഭകർക്കും, ഹോട്ടൽ റസ്റ്റോറന്റ് ഉടമകൾക്കും, ഭൂവികസനത്തിനുള്ള ഉപകരണങ്ങളുടെ operator/ ഉടമകൾക്കും, ചെറുകിട നാമമാത്ര കർഷകർക്കും പ്രയോജന പ്രദമായ MSME വായ്പാ പദ്ധതികൾ ബാങ്ക് നടപ്പിലാക്കി വരുന്നു. നിലവിൽ കേരള ബാങ്കിന് 769 ശാഖകളും 'എ' ക്ലാസ് മെമ്പർമാരായി 1557 പ്രാഥമിക സഹകരണ സംഘങ്ങളും ഉണ്ട്. 31-03-2022 ലെ ബാങ്കിന്റെ ആകെ ബിസിനസ് 1,10,857.16 കോടി രൂപ ആണ്. 31-03-2022-ൽ ബാങ്കിന്റെ മൂലധനപര്യാപ്തത (CRAR) RBI നിഷ്കർഷിച്ചിട്ടുള്ള 9% നു മുകളിലെത്തി 10.24% ആയി നിൽക്കുന്നു. ആകെ നിഷ്ക്രിയ ആസ്തി 13.35 ശതമാനവും, അറ്റനിഷ്ക്രിയ ആസ്തി 9.01% വും ആയും കുറയ്ക്കുന്നതിന് ഈ കാലയളവിൽ ബാങ്കിന് കഴിഞ്ഞിട്ടുണ്ട്.<br><br>സഹകരണ ബാങ്കിംഗ് മേഖലയിലെ പ്രവർത്തന മികവിന് കേരള ബാങ്കിന് ദേശീയതലത്തിൽ അവാർഡ് ലഭിച്ചു. സഹകരണ മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചതിന് നാഷണൽ ഫെഡറേഷൻ ഓഫ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് (NAFSCOB) ഏർപ്പെടുത്തിയ അവാർഡിൽ പ്രഥമസ്ഥാനമാണ് കേരള ബാങ്കിന് ലഭിച്ചത്. |
| (ബി) | കേരള ബാങ്കിന്റെ പ്രവർത്തന ലാഭത്തിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടമെത്രയെന്ന് അറിയിക്കാമോ; | (ബി) | 2021-22 സാമ്പത്തിക വർഷത്തിൽ കേരളാ ബാങ്കിന് 77.24 കോടി രൂപ അറ്റലാഭം കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. |
| (സി) | നിഷ്ക്രിയ ആസ്തി കുറച്ചുകൊണ്ടു വരുന്നതിന് ആവിഷ്കരിച്ച മിഷൻ 100 ഡേയ്സ് വഴി കൈവരിക്കാനായ നേട്ടം അറിയിക്കാമോ; | (സി) | 2022 ആഗസ്റ്റ് 1 മുതൽ 11 വരെയുള്ള കാലയളവിൽ 3 വർഷത്തിൽ കൂടുതലായി കുടിശ്ശിക ആയിട്ടുള്ള 100% കരുതൽ വച്ചിട്ടുള്ള 548 വായ്പകളിലായി മുതൽ ഇനത്തിൽ 349.15 ലക്ഷം രൂപയും പലിശ ഇനത്തിൽ 153.31 ലക്ഷം രൂപയും ഉൾപ്പെടെ 502.46 ലക്ഷം രൂപ നിഷ്ക്രിയ ആസ്തി (NPA) പിരിച്ചെടുക്കാൻ കഴിഞ്ഞു. |
| (ഡി) | കേരള ബാങ്കിന്റെ സേവന നിലവാരം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഏകീകൃത കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | കേരള ബാങ്കിന്റെ ഏകീകൃത കോർ ബാങ്കിംഗ് സോഫ്റ്റ് വെയർ സംവിധാനം 'Finacle' M/s Wipro എന്ന കമ്പനി മുഖാന്തിരം നടപ്പിലാക്കി വരികയാണ്. ഇതിനായി എറണാകുളത്ത് കാക്കനാട് കേന്ദ്രമായി പ്രത്യേക പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റ് ഒരു ജനറൽ മാനേജറുടെ കീഴിൽ ഭരണസമിതിയുടെ മേൽ നോട്ടത്തിൽ പ്രവർത്തിച്ചു വരുന്നു. കോട്ടയം ജില്ലയിലെ മുഴുവൻ ശാഖകളും, ലയനത്തിനു മുൻപുള്ള സംസ്ഥാന സഹകരണ ബാങ്കിന്റെ ശാഖകളും പുതിയ സോഫ്റ്റ് വെയറിലേയ്ക്ക് മാറിയിട്ടുണ്ട്. 2022 ഡിസംബർ മാസത്തോടെ എല്ലാ ആധുനിക ബാങ്കിംഗ് സംവിധാനങ്ങളോടും |

| | | | |
|---|---|---|---|
| | | | കിടപിടിക്കാൻ കഴിയുന്ന തരത്തിലുള്ള ഏകീകൃത കോർ ബാങ്കിംഗ് സംവിധാനം സംസ്ഥാനത്താകെ നിലവിൽ വരും. |

സെക്ഷൻ ഓഫീസർ

## വിശദീകരണകുറിപ്പ്

കേരള സംസ്ഥാന സഹകരണ ബാങ്കും 13 ജില്ലാ സഹകരണ ബാങ്കുകളും 29-11-2019-ൽ ലയിച്ച് കേരള ബാങ്ക് രൂപീകൃതമായപ്പോൾ നിക്ഷേപത്തിലും വായ്പയിലും മൂലധനത്തിലും വർദ്ധനവ് ഉണ്ടാകുകയുണ്ടായി. സമൂഹത്തിലെ എല്ലാത്തരം ജനവിഭാഗത്തിന്റെയും നിക്ഷേപ ആവശ്യങ്ങൾ നിറവേറ്റാൻ ഉതകുന്ന രീതിയിലുള്ള വിവിധതരം നിക്ഷേപ പദ്ധതികൾ കേരള ബാങ്കായതിന് ശേഷം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 2019-20-ൽ 61037.59 കോടിയായിരുന്ന നിക്ഷേപം 2021-2022 ൽ 69907.12 കോടിയായി വർദ്ധിപ്പിക്കാൻ കേരള ബാങ്കിന് കഴിഞ്ഞിട്ടുണ്ട്. ഈ നിക്ഷേപത്തിൽ 14.10% CASA നിക്ഷേപമാണ്. സോഫ്റ്റ് വെയർ ഏകീകരണത്തോടെ ആകെ നിക്ഷേപത്തിന്റെ 30% CASA നിക്ഷേപമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കേരള ബാങ്ക് വ്യക്തിഗത വായ്പാ വിതരണത്തിനും വൈവിധ്യവൽക്കരണത്തിനുമായി വിവിധതരം വായ്പാ പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കിയിട്ടുണ്ട്. 2021-2022 വർഷത്തെ കേരള ബാങ്കിന്റെ ആകെ വായ്പാ ബാക്കിനിൽപ്പ് 40950.04 കോടി രൂപയാണ്. ഈ കോവിഡ് കാലത്ത് പ്രവാസികൾക്കും, കർഷകർക്കും, സാധാരണക്കാർക്കും ഒട്ടേറെ വായ്പാ സഹായങ്ങൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ NABARD പുനർവായ്പാ പദ്ധതിയിലൂടെ ദീർഘകാല കാർഷിക വായ്പയും നൽകിയിട്ടുണ്ട്. പുതിയ തൊഴിൽ സംരംഭകർക്കും, വിദഗ്ധ തൊഴിലാളികൾക്കും, ചെറുകിട വ്യാപാരികൾക്കും, കരാർ സേവനദാതാക്കൾക്കും, ടൂറിസം മേഖലയിലെ സംരംഭകർക്കും, ഹോട്ടൽ റസ്റ്റോറന്റ് ഉടമകൾക്കും, ഭൂവികസനത്തിനുള്ള ഉപകരണങ്ങളുടെ operator/ഉടമകൾക്കും, ചെറുകിട നാമമാത്ര കർഷകർക്കും പ്രയോജനപ്രദമായ MSME വായ്പാ പദ്ധതികൾ ബാങ്ക് നടപ്പിലാക്കി വരുന്നു.

നിലവിൽ കേരള ബാങ്കിന് 769 ശാഖകളും 'എ' ക്ലാസ് മെമ്പർമാരായി 1557 പ്രാഥമിക സഹകരണ സംഘങ്ങളും ഉണ്ട്. 31-03-2022 ലെ ബാങ്കിന്റെ ആകെ ബിസിനസ് 1,10,857.16 കോടി രൂപ ആണ്.

കേരള ബാങ്കിൽ ഒന്നാകെ ഏകീകൃത സോഫ്റ്റ് വെയർ സംവിധാനം നടപ്പിൽ വരുത്തി അത്യന്താധുനിക ഡിജിറ്റൽ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ച് വരുകയാണ്. 2022 ഡിസംബർ മാസത്തോടെ കോർ ബാങ്കിംഗ് സംവിധാനം പൂർണ്ണമായും പ്രവർത്തന സജ്ജമാകും. നിലവിൽ ATM, Mobile Banking, RTGS/NEFT, IMPS, CTS Clearing തുടങ്ങിയ സേവനങ്ങൾ കേരള ബാങ്ക് ഇടപാടുകാർക്ക് നൽകി വരുന്നു.

കേരള ബാങ്ക് രൂപീകരിച്ച ശേഷം സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും ഉതകുന്ന രൂപത്തിൽ പലവിധത്തിലുള്ള CASA (കറണ്ട്/സേവിംഗ്സ് അക്കൗണ്ടുകൾ) ആരംഭിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

KB സീനിയർ സിറ്റിസൺ സേവിംഗ്സ്
KB വനിതാ സേവിംഗ്സ്

KB യംഗ് സേവിംഗ്സ്
KB മൈനർ സേവിംഗ്സ്
KB സഹായം സേവിംഗ്സ്
KB പെൻഷൻ സേവിംഗ്സ്
KB കുടുംബം സേവിംഗ്സ്
KB ഫ്രീഡം സേവിംഗ്സ് (PACS)

**കേരള ബാങ്ക് വായ്പാ പദ്ധതികൾ**

| | | |
|---|---|---|
| 1 | 1) KB MSME | സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കുള്ള വായ്പാ പദ്ധതി |
| | 2) KB Suvidha | |
| | 3) KB Yuvamithra | |
| 2 | KBLT Agricultural | കാർഷിക മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ദീർഘകാല വായ്പ |
| 3 | 1) KB Home Loan | ഭവന നിർമ്മാണത്തിനും അറ്റകുറ്റപണിക്കും ഉള്ള വായ്പ |
| | 2) KB Housing Loan(PMAY) | പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതി പ്രകാരം സബ്സിഡിയോടുകൂടിയുള്ള ഭവന വായ്പ |
| | 3) KB Suvidha Home | കുറഞ്ഞ വരുമാനക്കാർക്കുള്ള ഭവന വായ്പാ പദ്ധതി |
| 4 | KB Pravasi Kiran | പ്രവാസികൾക്ക് സംരംഭങ്ങൾ തുടങ്ങുവാനുള്ള വായ്പാ പദ്ധതി |
| 5 | KB Kissan Mithra | ഹ്രസ്വകാല ആവശ്യങ്ങൾക്കുള്ള കാർഷിക വായ്പ |
| 6 | KB Suvega | കൃഷിക്കാർക്കും സർക്കാർ ജീവനക്കാർക്കും വേണ്ടിയുള്ള വാഹന വായ്പ |
| 7 | KB Sahaja | സ്ത്രീകൾക്ക് മാത്രമായി സ്വയം സഹായ സംഘങ്ങൾ വഴി നൽകുന്ന വായ്പ പദ്ധതി |
| 8 | KB Pension | പെൻഷൻകാർക്ക് വേണ്ടിയുള്ള വായ്പ |
| 9 | KB Tourism | ടൂറിസം മേഖലയിലെ സംരംഭങ്ങൾക്കുള്ള വായ്പ പദ്ധതി |
| 10 | SAF | മത്സ്യ മേഖലയിലുള്ള വ്യക്തികൾക്ക് മാത്രമായി സ്വയം സഹായ സംഘങ്ങൾ വഴി നൽകുന്ന വായ്പ |
| 11 | AIF | കാർഷിക മേഖലയിലെ വിളവെടുപ്പിന് ശേഷമുള്ള ആവശ്യങ്ങൾക്കായി നൽകുന്ന വായ്പ |
| 12 | KB Suvidha Plus | കോവിഡ് പ്രതിസന്ധിയിൽ സാധാരണക്കാരന്റെയും കർഷകന്റെയും വരുമാനം വർദ്ധിപ്പിക്കുന്നതിന് നൽകുന്ന വായ്പ |
| 13 | PM SVA Nidhi | വഴിയോര കച്ചവടക്കാർക്കുള്ള പ്രത്യേക വായ്പ പദ്ധതി (10,000 രൂപ വരെ) |
| 14 | ഭക്ഷ്യ സംസ്കരണ സൂക്ഷ്മ വ്യവസായ വായ്പ | അസംഘടിത ഭക്ഷ്യ സംസ്കരണ മേഖലയുടെ പുനരുദ്ധാരണം ലക്ഷ്യമാക്കി |

സൂക്ഷ്മ ചെറുകിട ഇടത്തരം വായ്പാ പദ്ധതി വഴി സ്റ്റാർട്ടപ്പുകൾക്കും സ്വയം സംരംഭകർക്കും വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വായ്പകൾ അനുവദിച്ചിട്ടുണ്ട്. ഭക്ഷ്യസംസ്കരണ സൂക്ഷ്മ വ്യവസായ വായ്പ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ വിവിധോദ്ദേശ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്ന PACS as MSC നബാർഡ് സ്കീം എന്നിവ ആരംഭിച്ചിട്ടുണ്ട്. ആയത് കൂടുതൽ ഊർജ്ജിതമാക്കി കർഷകർക്ക് കൂടുതൽ

വായ്പകൾ അനുവദിച്ച് നൽകാവുന്നതാണ്. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കി കേരള ബാങ്ക് KB SAMAGRA PACS എന്ന വായ്പ സ്കീം നടപ്പാക്കുന്നുണ്ട്.

സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കും തത്തുല്യമായ സംഘങ്ങൾക്കും അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് (AIF) സ്കീമിൽ നിന്നുള്ള 3% പലിശ സബ്സിഡിയോട് കൂടിയ വായ്പ നൽകി വരുന്നുണ്ട്. ആയത് ഇതര സഹകരണ സംഘങ്ങൾ വഴി കാർഷിക മേഖലയെ പരിപോഷിപ്പിക്കുന്നതിന് സഹായകരമാകും.

31-03-2022-ൽ ബാങ്കിന്റെ മൂലധനപര്യാപ്തത (CRAR)RBI നിഷ്കർഷിച്ചിട്ടുള്ള 9% നു മുകളിലെത്തി 10.24% ആയി നിൽക്കുന്നു. ആകെ നിഷ്ക്രിയ ആസ്തി 13.35 ശതമാനവും, അറ്റനിഷ്ക്രിയ ആസ്തി 9.01% വും ആയും കുറയ്ക്കുന്നതിന് ഈ കാലയളവിൽ ബാങ്കിന് കഴിഞ്ഞിട്ടുണ്ട്. NPA 5% ൽ എത്തിക്കുന്നതിനായി Mission 100 Days എന്ന പേരിൽ ആഗസ്റ്റ് 1 മുതൽ നവംബർ 8 വരെ, 3 വർഷത്തിൽ കൂടുതൽ കുടിശ്ശികയായി നിൽക്കുന്ന വായ്പകൾ പിരിച്ചെടുക്കുന്നതിനായി പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. നിലവിൽ ബാങ്കിന്റെ 769 ശാഖകൾക്കും RBI യുടെ ലൈസൻസ് ലഭിച്ചിട്ടുണ്ട്. ബാങ്കിന് തിരഞ്ഞെടുക്കപ്പെട്ട ഒരു ഭരണസമിതി 27-11-2020 മുതൽ പ്രവർത്തിക്കുന്നു. കൂടാതെ വിവിധ മേഖലയിലുള്ള പ്രഗത്ഭരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ബോർഡ് ഓഫ് മാനേജ്മെന്റ് നിലവിലുണ്ട്. ബാങ്കിന്റെ പ്രവർത്തനത്തിനാവശ്യമായ റിക്കവറി കമ്മിറ്റി, ഡിസിപ്ലിനറി കമ്മിറ്റി, ഇൻവെസ്റ്റ്മെന്റ് കമ്മിറ്റി, Branch Rationalisation Committee, Credit Approval Committee, Asset Liability Committee, Risk Management Committee, Audit Sub Committee, Purchase Committee തുടങ്ങിയ കമ്മിറ്റികൾ ബാങ്കിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തി നിയന്ത്രിക്കുന്നു. കൂടാതെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിവിധതരം പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

സഹകരണ ബാങ്കിംഗ് മേഖലയിലെ പ്രവർത്തന മികവിന് കേരള ബാങ്കിന് ദേശീയതലത്തിൽ അവാർഡ് ലഭിച്ചു. സഹകരണ മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ച്ചവച്ചതിന് നാഷണൽ ഫെഡറേഷൻ ഓഫ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് (NAFSCOB)ഏർപ്പെടുത്തിയ അവാർഡിൽ പ്രഥമസ്ഥാനമാണ് കേരള ബാങ്കിന് ലഭിച്ചത്. കേന്ദ്ര സംസ്ഥാന സഹകരണ ബാങ്കുകളുടെ വികസനം പ്രത്യേകിച്ച് സഹകരണ മേഖലയിലെ വായ്പാ വിതരണത്തിന്റെ വളർച്ച ലക്ഷ്യമാക്കിയാണ് സംസ്ഥാന സഹകരണ ബാങ്കുകളുടെ അപ്പെക്സ് ഫെഡറേഷൻ ആയ NAFSCOB ന്റെ പ്രവർത്തനം. 2021-22 സാമ്പത്തിക വർഷത്തിൽ കേരളാ ബാങ്കിന് 77.24 കോടി രൂപ അറ്റലാഭം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2022 ആഗസ്റ്റ് 1 മുതൽ 11 വരെയുള്ള കാലയളവിൽ 3 വർഷത്തിൽ കൂടുതലായി കുടിശ്ശിക ആയിട്ടുള്ള 100% കരുതൽ വച്ചിട്ടുള്ള 548 വായ്പകളിലായി മുതൽ ഇനത്തിൽ 349.15 ലക്ഷം രൂപയും പലിശ ഇനത്തിൽ 153.31 ലക്ഷം രൂപയും ഉൾപ്പെടെ 502.46 ലക്ഷം രൂപ NPA പിരിച്ചെടുക്കാൻ കഴിഞ്ഞു.

കേരള ബാങ്കിന്റെ ഏകീകൃത കോർ ബാങ്കിംഗ് സോഫ്റ്റ് വെയർ സംവിധാനം 'Finacle' M/s Wipro എന്ന കമ്പനി മുഖാന്തിരം നടപ്പിലാക്കി വരികയാണ്. ഇതിനായി

എറണാകുളത്ത് കാക്കനാട് കേന്ദ്രമായി പ്രത്യേക പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റ് ഒരു ജനറൽ മാനേജറുടെ കീഴിൽ ഭരണസമിതിയുടെ മേൽ നോട്ടത്തിൽ പ്രവർത്തിച്ചു വരുന്നു. കോട്ടയം ജില്ലയിലെ മുഴുവൻ ശാഖകളും, ലയനത്തിനു മുൻപുള്ള സംസ്ഥാന സഹകരണ ബാങ്കിന്റെ ശാഖകളും പുതിയ സോഫ്റ്റ് വെയറിലേയ്ക്ക് മാറിയിട്ടുണ്ട്. 2022 ഡിസംബർ മാസത്തോടെ എല്ലാ ആധുനിക ബാങ്കിംഗ് സംവിധാനങ്ങളോടും കിടപിടിക്കാൻ കഴിയുന്ന തരത്തിലുള്ള ഏകീകൃത കോർ ബാങ്കിംഗ് സംവിധാനം സംസ്ഥാനത്താകെ നിലവിൽ വരും.